## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3984** — **15.03.2017 -ൽ മറുപടിയ്ക്ക്**

### ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; (ബി) ഡി.ടി.പി.സി.യിൽ പരിശോധന നടത്തുന്നതിന് ടൂറിസം വകുപ്പിൽ എന്തു സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും: ടൂറിസം വകുപ്പിനു കീഴിലുള്ള സർക്കാർ നിയന്ത്രിത സൊസൈറ്റിയാണ് ഡി.റ്റി.പിസി. ജനപ്രതിനിധികൾ അംഗങ്ങളായുള്ള കൗൺസിലിന്റെ ചെയർമാൻ ജില്ലാ കളക്ടർ ആണ്. ജില്ലകളിൽ ടൂറിസം കേന്ദ്രങ്ങൾ പ്രാദേശിക തലത്തിൽ കണ്ടെത്തി വികസനത്തിനും നടത്തിപ്പിനും സർക്കാരിന്റെയോ,ടൂറിസം വകുപ്പിന്റെയോ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ചുമതല ഡി.റ്റി.പിസിയ്ക്കാണ്. ഡി.റ്റി.പിസി കൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് അർഹമായതിന് ടൂറിസം വകുപ്പ്/ സർക്കാർ അനുമതി നൽകുന്നു. ജില്ലാതലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല വകുപ്പ് ഏൽപ്പിക്കുന്ന പക്ഷം ഡി.റ്റി.പിസി നിർവ്വഹിക്കാറുണ്ട്. സർക്കാരിന്റെ /ടൂറിസം വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട കൗൺസിൽ ആണ് ഡി.റ്റി.പിസി. |
| (സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര മേഖലയിൽ അറിവും അനുഭവവും ഉള്ളവരെ എല്ലാ ജില്ലകളിലും DTPC സെക്രട്ടറി സ്ഥാനത്തേക്ക് നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ